# വിജയപഥം

# കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല

## SSLC PRE MODEL EXAMINATION 2021-22

**PM 01 SS 10 M** — **Time : 2 $\frac{1}{2}$ hr**

**Class : X** — **SOCIAL SCIENCE** — **Score : 80**

---

**ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.**

**ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കുക.**

**1 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.**

### PART– I–A

(1 മുതൽ 6 വരെയുള്ള ഏതെങ്കിലും 4 ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോന്നിനും 1 സ്കോർ വീതം.) (1 x 4 = 4)

1. 1937 ൽ ഗാന്ധിജി മുന്നോട്ടുവെച്ച വിദ്യാഭ്യാസ പദ്ധതി
   a) ജാമിഅ മില്ലിയ ഇസ്ലാമിയ b) വിശ്വഭാരതി
   c) വാർധ പദ്ധതി d) ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി
2. ഒരു രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളിൽ പെടാത്തത്
   a) ആരോഗ്യസംരക്ഷണം b) അവകാശ സംരക്ഷണം
   c) നീതി നടപ്പാക്കൽ d) അതിർത്തി സംരക്ഷണം
3. റോറിങ് ഫോർട്ടീസ് എന്നറിയപ്പെടുന്ന കാറ്റുകൾ
   a) ധ്രുവീയ പൂർവ്വ വാതങ്ങൾ b) മൺസൂൺ കാറ്റുകൾ
   c) പശ്ചിമവാതങ്ങൾ d) വാണിജ്യ വാതങ്ങൾ
4. കമ്പനികളുടെ അറ്റ വരുമാനത്തിന് മേൽ ചുമത്തുന്ന നികുതി ഏത് ?
   a) വ്യക്തിഗത ആദായനികുതി b) കോർപറേറ്റ് നികുതി
   c) തൊഴിൽ നികുതി d) കസ്റ്റംസ് തീരുവ
5. പ്രചലിത നിക്ഷേപത്തിന്റെ സവിശേഷത എന്ത്?
   a) പലിശ ഇല്ലാത്ത നിക്ഷേപം b) എല്ലാ മാസവും നിക്ഷേപിക്കുന്നത്
   c) കൂടുതൽപലിശ നിരക്ക് d) കുറഞ്ഞ പലിശ നിരക്ക്
6. അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്ന വകുപ്പ്
   a) ഭക്ഷ്യസുരക്ഷാ വകുപ്പ് b) ഡ്രഗ്സ് കൺട്രോൾ വകുപ്പ്
   c) ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ
   d) ലീഗൽ മെട്രോളജി വകുപ്പ്

### PART – I – B

(7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.
ഓരോന്നിനും 1 സ്കോർ വീതം.) (1 x 4 = 4)

7. ഉത്തരായനം എന്നാൽ--------

a) ഉത്തരായനരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനം.
b) ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖ യിലേക്കുള്ള സൂര്യന്റെ അയനം.
c) ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖ യിലേക്കുള്ള സൂര്യന്റെ അയനം.
d) ദക്ഷിണായന രേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനം.

KTR EDN DIS

8. പൊതുമേഖലാരംഗത്ത് പ്രവർത്തിക്കുന്ന നോൺ ലൈഫ് ഇൻഷുറൻസ് കമ്പനി

a) യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ b)ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

c) ജനറൽ ഇൻഷ്വറൻസ് കമ്പനി d) എസ്. ബി. ഐ. മ്യൂച്വൽ ഫണ്ട്

9. കുടിയാൻ കൃഷി ചെയ്യുന്ന ഭൂമി, അവർക്കുതന്നെ സ്വന്തമായി നൽകിക്കൊണ്ട് 1865 ൽ തിരുവിതാംകൂറിൽ പുറപ്പെടുവിച്ച സുപ്രധാന വിളംബരം.

a) കുടിയായ്മ നിയമം b) പണ്ടാരപ്പാട്ട വിളംബരം

c) ലോഗൻ കമ്മീഷൻ റിപ്പോർട്ട് d) ശ്രീരംഗപട്ടണം സന്ധി

10. ഡോക്ടർ രാധാകൃഷ്ണൻ കമ്മീഷൻ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയത്.

a) വിവിധോദ്ദേശ സ്കൂളുകൾ b) യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ

c) 10+2+3 d) ത്രിഭാഷ പദ്ധതി

## PART II – A

(11 മുതൽ 15 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 2 സ്കോർ വീതം.) (2 x 3 = 6)

11. 1986 ലെ ഉപഭോക്ത സംരക്ഷണ നിയമമനുസരിച്ച് ഉപഭോക്താക്കളുടെ ഏതെങ്കിലും രണ്ട് അവകാശങ്ങൾ എഴുതുക.

12. പുത്തൻ തലമുറ ബാങ്കുകൾ മറ്റ് ബാങ്കുകളിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

13. വിദ്യാഭ്യാസ അവകാശനിയമം വിദ്യാഭ്യാസ മേഖലയിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയത്?

14. പങ്കാളിത്ത നിരീക്ഷണത്തിന്റെ പ്രത്യേകതകളെന്തെല്ലാം?

15. പൗരബോധം വളർത്തുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് എന്താണ്?

## PART II – B

(16 മുതൽ 18 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 2 സ്കോർ വീതം.) (2 x 2 = 4)

16. താഴ്‌വരക്കാറ്റും, പർവ്വതക്കാറ്റും തമ്മിലുള്ള വ്യത്യാസമെന്താണ്?

17. ധരാധലീയ ഭൂപടത്തിൽ A എന്ന് രേഖപ്പെടുത്തിയ സ്ഥലത്തെ കോണ്ടൂർ രേഖകൾ അടുത്തടുത്തായും B എന്ന് രേഖപ്പെടുത്തിയ സ്ഥലത്തെ കോണ്ടൂർ രേഖകൾ അകന്നും കാണപ്പെടുന്നു. എങ്കിൽ A, B എന്നീ പ്രദേശങ്ങളിലെ ചരിവിനെക്കുറിച്ച് നിങ്ങൾ എന്ത് നിഗമനത്തിൽ എത്തിച്ചേരും?

18. തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റിൻെറ രണ്ടു ശാഖകൾ ഏവ?

## PART III – A

(19 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 4 സ്കോർ വീതം.) (4 x 3 = 12)

19. ഇന്ത്യയുടെ ഭൂപടത്തിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തുക.

a) ആരവല്ലി പർവ്വതനിര b) മാൾവ പീഠഭൂമി,


c) മഹാനദി d) മംഗലാപുരം

20. ചരക്ക് സേവന നികുതി യെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

KTR EDN DIS

21. തന്നിരിക്കുന്ന ഗ്രിഡിൽ നിന്നും താഴെപറയുന്ന സവിശേഷതകളുടെ നാലക്കഗ്രിഡ് റഫറൻസ് കണ്ടെത്തി എഴുതുക.

a. കോട്ട b. കുളം c. ശവപ്പറമ്പ് d. കേന്ദ്രീകൃത വാസസ്ഥലങ്ങൾ




22. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർ വല്ലഭായ് പട്ടേലും വി. പി. മേനോനും വഹിച്ച പങ്ക് എന്തായിരുന്നു?

23. ചേരുംപടി ചേർത്തെഴുതുക

| | |
|---|---|
| ചട്ടമ്പിസ്വാമികൾ | തിരുവിതാംകൂർ മുസ്ലിം മഹാജന സഭ |
| വക്കം അബ്ദുൽ ഖാദർ മൗലവി | അരയ സമാജം |
| പണ്ഡിറ്റ് കെ പി കറുപ്പൻ | പ്രത്യക്ഷ രക്ഷാ ദൈവസഭ |
| കുമാരഗുരുദേവൻ | കൂട്ടുകുടുംബവ്യവസ്ഥ |

## PART III – B

(24 മുതൽ 25 വരെയുള്ള ഏതെങ്കിലും 1 ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.) (4 x 1 = 4)

24. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവഹിക്കേണ്ട പ്രധാനപ്പെട്ട ചുമതലകൾ ഏതെല്ലാം?

25. ഗ്ലോബൽ പൊസിഷനിങ് സിസ്റ്റത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

KTR EDN DIS

## PART IV– A

(26 മുതൽ 29 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 6 സ്കോർ വീതം.) (6 x 3 = 18)

26. സൂര്യന്റെ അയനം മൂലമുണ്ടാകുന്ന ഋതുക്കളെ കുറിച്ച് വിവരിക്കുക.
27. ആഗോള വാതങ്ങളെ കുറിച്ച് വിവരണം തയ്യാറാക്കുക.
28. ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തുക.
29. ഫാസിസത്തിന്റെ ജർമ്മൻ പതിപ്പാണ് നാസിസം. പ്രസ്താവന വിലയിരുത്തുക.

## PART IV– B

(30 മുതൽ 32 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 6 സ്കോർ വീതം.) (6 x 2 = 12)

30. ജനസംഖ്യ കണക്കെടുപ്പ് എന്നാൽ എന്ത്?
ഇന്ത്യയിൽ നടക്കുന്ന ജനസംഖ്യ കണക്കെടുപ്പിനെ കുറിച്ച് വിവരിക്കുക.
ജനസംഖ്യാ പഠനം ഏതെല്ലാം തരത്തിൽ സഹായിക്കുന്നു?
31. ഇ-ഗവേണൻസ്എന്നാലെന്ത്? ഭരണനവീകരണനടപടികൾ എന്ന നിലയിൽ ഇ – ഗവേണൻസ് കൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനമെന്ത്?
32. ദേശീയത വളർത്തുന്നതിൽ വർത്തമാന പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക?

## PART V– A

(33 മുതൽ 35 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോന്നിനും 8 സ്കോർ വീതം.) (8 x 2 = 16)

33. ഇൻഡ്യയിലെ ഏറ്റവും വലിയ കൃഷി അധിഷ്ഠിത വ്യവസായമാണ് പരുത്തി തുണി വ്യവസായം.
a. പരുത്തി കൃഷിക്ക് ആവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ എന്തെല്ലാം?
b. പരുത്തിയെ ഏത് പേരിലാണ് അറിയപ്പെടുന്നത്?
c. കോട്ടണോപോളിസ് എന്നറിയപ്പെടുന്ന ഇന്ത്യൻ നഗരമേത് ?
d. ഇന്ത്യയിലെ പരുത്തി വ്യവസായത്തിന്റെ പ്രധാന കേന്ദ്രമായി മുംബൈ മാറിയതിന് സഹായകരമായ ഘടകങ്ങൾ ഏതെല്ലാം ?
34. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭമായിരുന്നു നിസ്സഹകരണ പ്രസ്ഥാനം.
a. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
b. ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ നിസ്സഹകരണ ആഹ്വാനം സ്വീകരിച്ചതിന് മൂന്ന് ഉദാഹരണങ്ങൾ എഴുതുക.
c. ബഹിഷ്കരണത്തോടൊപ്പം ഗാന്ധിജി നടത്തിയ നിർമാണപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ എഴുതുക.
35. 1857-ലെ കലാപത്തിന്റെ വിവിധ കാരണങ്ങൾ താഴെപ്പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

സൂചനകൾ :

ശിപായിമാരുടെ അസംതൃപ്തി - രാജാക്കന്മാരുടെ പ്രശ്നങ്ങൾ - **കർഷകരുടെ ദുരിതങ്ങൾ**

KTR EDN DIS



KTR EDN DIS